सत्यमेव जयते

Government of India

# भारत का राजपत्र
# THE GAZETTE OF INDIA
# ഭാരതത്തിന്റെ ഗസറ്റ്

## असाधारण
## EXTRAORDINARY
## അസാധാരണം

भाग XI—अनुभाग I
PART XI—SECTION I
ഭാഗം XI—വകുപ്പ് I

प्राधिकार से प्रकाशित
**Published by Authority**
അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്

| | | | | | | | |
|---|---|---|---|---|---|---|---|
| सं० | 4250 | नई दिल्ली | शनिवार | 30 दिसंबर 2023/ | 9 पौष 1945 (शक) | खण्ड | XII |
| No. | 4250 | NEW DELHI | Saturday | 30 December 2023/ | 9 Pousha, 1945 (Saka) | Vol. | XII |
| നമ്പർ | 4250 | ന്യൂഡൽഹി | ശനി | 30 ഡിസംബർ 2023/ | 9 പൌഷം, 1945 (ശക) | വാല്യം | 12 |


## MINISTRY OF LAW AND JUSTICE

## (Legislative Department)

*New Delhi, 17th July, 2023/26th Ashada, 1945 (Saka).*

The translation in Malayalam of The Collection of Statistics Act, 2008 is hereby published under the authority of the President and shall be deemed to be the authoritative text of this Act in Malayalam under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 (50 of 1973).

സ്ഥിതിവിവരക്കണക്ക് ശേഖരിക്കൽ ആക്റ്റ്, 2008-ന്റെ മലയാള പരിഭാഷ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം ഇതിനാൽ പ്രസിദ്ധീകരിച്ചിരിക്കുന്നതും ഇത് ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973-ലെ 50)-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡപ്രകാരം അതിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായി കരുതപ്പെടുന്നതും ആകുന്നു.

DR. REETA VASISHTA,
*Secretary to the Government of India.*

# സ്ഥിതിവിവരക്കണക്ക് ശേഖരിക്കൽ ആക്റ്റ്, 2008
## (2009-ലെ 7-ാം നമ്പർ ആക്റ്റ്)

സാമ്പത്തികവും ജനസംഖ്യയും സാമൂഹികവും ശാസ്ത്രീയവും പരിസ്ഥിതിയും പരമായ സ്ഥിതിവിവരക്കണക്ക് ശേഖരിക്കൽ സുഗമമാക്കുവാനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമോ ആയ കാര്യങ്ങൾക്കും വേണ്ടിയുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തിയൊൻപതാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

അദ്ധ്യായം I

**പ്രാരംഭികം**

1. (1) ഈ ആക്റ്റിന് സ്ഥിതിവിവരക്കണക്ക് ശേഖരിക്കൽ ആക്റ്റ്, 2008 എന്ന് പേര് പറയാവുന്നതാണ്. *ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.*

[1][(2) ഇതിന് ഭാരതം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്:

[2] ** ** ** ** ** ** ** ** ]

(3) ഇത് കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ, വിജ്ഞാപനം വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള[3] തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. (1) ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,— *നിർവ്വചനങ്ങൾ.*

(ക) "ഏജൻസി" എന്നതിൽ സ്ഥിതിവിവരക്കണക്ക് ശേഖരിക്കലിനായി സമുചിത സർക്കാർ നേരിട്ടോ ഔട്ട്സോഴ്സിങ് മുഖേനയോ നിയോഗിക്കുന്ന വ്യക്തിയോ വ്യക്തികളോ ഉൾപ്പെടുന്നതാകുന്നു;

(ഖ) "സമുചിത സർക്കാർ" എന്നാൽ 3-ാം വകുപ്പിൻ കീഴിൽ അത് പുറപ്പെടുവിച്ച ഒരു നിർദ്ദേശപ്രകാരം സ്ഥിതിവിവരക്കണക്ക് ശേഖരിക്കലിനെ സംബന്ധിച്ചിടത്തോളം,—

(i) കേന്ദ്ര സർക്കാരിലെ ഏതെങ്കിലും മന്ത്രാലയമോ വകുപ്പോ; അല്ലെങ്കിൽ

(ii) ഒരു സംസ്ഥാന സർക്കാരിലെയോ യൂണിയൻ പ്രദേശ ഭരണത്തിലെയോ ഏതെങ്കിലും മന്ത്രാലയമോ വകുപ്പോ; അല്ലെങ്കിൽ

(iii) ഏതെങ്കിലും തദ്ദേശഭരണമോ അതായത്, അതത് സംഗതി പോലെ, പഞ്ചായത്തുകളോ മുനിസിപ്പാലിറ്റികളോ എന്നർത്ഥമാകുന്നു;

(ഗ) "ഇൻഫോർമെന്റ്" എന്നാൽ സ്ഥിതിവിവരക്കണക്ക് വിവരം നൽകുന്നതോ നൽകുവാൻ ആവശ്യപ്പെട്ടിട്ടുള്ളതോ ആയ ഏതൊരാളും എന്നർത്ഥമാകുന്നതും വ്യക്തികളെ സംബന്ധിച്ച് ഒരു ഉടമസ്ഥനോ കൈവശക്കാരനോ ചുമതലയിലുള്ള ആളോ അയാളുടെ അധികാരപ്പെടുത്തപ്പെട്ട പ്രതിനിധിയോ ഇൻഡ്യൻ പങ്കാളിത്ത ആക്റ്റ്, 1932 പ്രകാരം രജിസ്റ്റർ ചെയ്ത ഒരു ഫേമോ ഏതെങ്കിലും *1932-ലെ 9*

---

1 2017-ലെ 21-ാം ആക്റ്റ് 2-ാം വകുപ്പുപ്രകാരം പകരം ചേർത്തത് (3-10-2017 മുതൽ പ്രാബല്യം).

2. 18-3-2020 തീയതിയിലെ എസ്.ഒ. 1123(ഇ) നമ്പർ വിജ്ഞാപനപ്രകാരമുള്ള ജമ്മു-കാശ്മീർ റീ-ഓർഗനൈസേഷൻ (അഡാപ്റ്റേഷൻ ഓഫ് സെൻട്രൽ ലാസ്) ഓർഡർ, 2020 പ്രകാരവും 23-10-2020 തീയതിയിലെ എസ്.ഒ. 3774(ഇ) നമ്പർ വിജ്ഞാപനപ്രകാരമുള്ള യൂണിയൻ ടെറിറ്ററി ഓഫ് ലഡാക്ക് റീ-ഓർഗനൈസേഷൻ (അഡാപ്റ്റേഷൻ ഓഫ് സെൻട്രൽ ലാസ്) ഓർഡർ, 2020 പ്രകാരവും പരിമിതി വ്യവസ്ഥ വിട്ടുകളഞ്ഞു.

3. 2010 ജൂൺ 11, 2010 ജൂൺ 9-ാം തീയതിയിലെ എസ്.ഒ. 1416(ഇ) നമ്പർ വിജ്ഞാപനപ്രകാരം, ഭാരത ഗസറ്റ്, അസാധാരണം, ഭാഗം II, സെക്ഷൻ 3(ii) കാണുക.

1956-ലെ 1
1860-ലെ 21

സഹകരണസംഘ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത ഒരു സഹകരണസംഘമോ കമ്പനികൾ ആക്റ്റ്, 1956 പ്രകാരം രജിസ്റ്റർ ചെയ്ത ഒരു കമ്പനിയോ സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ്, 1860 പ്രകാരം രജിസ്റ്റർ ചെയ്ത ഒരു സംഘമോ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരം അംഗീകരിച്ചതോ രജിസ്റ്റർ ചെയ്തതോ ആയ ഏതെങ്കിലും സമാജമോ ഉൾപ്പെടുന്നതുമാകുന്നു;

(ഘ) ''വിവരപ്പട്ടിക'' എന്നാൽ ഈ ആക്റ്റ് പ്രകാരം സ്ഥിതിവിവര കണക്കുപരമായ ആവശ്യങ്ങൾക്കുവേണ്ടി ആവശ്യമായ വിവരം അതിൽ ചേർക്കുകയോ റിക്കാർഡ് ചെയ്യുകയോ ചേർക്കുവാനോ റിക്കാർഡ് ചെയ്യുവാനോ ആവശ്യപ്പെടുകയോ ചെയ്യുന്ന ഏതെങ്കിലും പുസ്തകമോ, രേഖയോ, ഫാറമോ, കാർഡോ, ടേപ്പോ, ഡിസ്കോ ഏതെങ്കിലും ശേഖരണ മാദ്ധ്യമമോ എന്നർത്ഥമാകുന്നു;

[1][(ഘക) നോഡൽ ഓഫീസർ എന്നാൽ 3ക വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം ഒരു നോഡൽ ഓഫീസറായി നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഓഫീസർ എന്നർത്ഥമാകുന്നു;]

(ങ) ''നിർണ്ണയിക്കപ്പെട്ട'' എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ച) ''സാംപ്ലിങ്ങ്'' എന്നാൽ ഒരു പ്രത്യേക അന്വേഷണ മേഖലയെ സംബന്ധിക്കുന്ന വിവരം, ആ അന്വേഷണ മേഖലയ്ക്ക് പ്രസക്തമായ ബന്ധപ്പെട്ട ആളുകളുടെയോ യൂണിറ്റുകളുടെയോ ആകെയുള്ള എണ്ണത്തിന്റെ ഒരു ആനുപാതികം സംബന്ധിച്ച് ലഭിച്ചിട്ടുള്ള വിവരത്തിലേക്ക് സ്ഥിതിവിവരക്കണക്കുപരമായ സാങ്കേതികത്വം പ്രയോഗിക്കുന്നതുവഴി, ലഭ്യമാക്കുന്ന സ്ഥിതിവിവര കണക്കുപരമായ ഒരു നടപടിക്രമം എന്നർത്ഥമാകുന്നു;

(ഛ) ''സ്ഥിതിവിവരക്കണക്കുപരമായ സർവ്വെ'' എന്നാൽ ഈ ആക്റ്റോ പ്രസക്തമായ മറ്റ് ഏതെങ്കിലും ആക്റ്റോ പ്രകാരം ഒരു സമുചിത സർക്കാർ, ഉചിതമായ സ്ഥിതിവിവരക്കണക്കുപരമായ നടപടിക്രമങ്ങൾ മുഖേന പ്രോസ്സസ് ചെയ്യുന്നതിനും സംഗ്രഹിക്കുന്നതിനും ഉള്ള ആവശ്യങ്ങൾക്കായി, അന്വേഷണ മേഖലയിലെ എല്ലാ ഇൻഫോർമെന്റുമാരിൽ നിന്നോ അതിന്റെ ഒരു സാമ്പിളിൽ നിന്നോ മൊത്തമായോ പ്രാഥമികമായോ വിവരം ശേഖരിക്കുന്നതായ ഒരു കാനേഷുമാരിയോ സർവ്വെയോ എന്നർത്ഥമാകുന്നു;

(ജ) ''സ്ഥിതിവിവരക്കണക്ക്'' എന്നാൽ പ്രസിദ്ധീകരിച്ചതോ പ്രസിദ്ധീകരിക്കാത്തതോ ആയ രൂപത്തിൽ സ്ഥിതിവിവരക്കണക്കുപരമായ വിശ്ലേഷണം ഉള്ള സ്ഥിതിവിവരക്കണക്കുപരമായ സർവ്വെകളിലും ഭരണപരമായ റിക്കാർഡുകളിലും രജിസ്ട്രേഷൻ റിക്കാർഡുകളിലും മറ്റ് ഫാറങ്ങളിലും പേപ്പറുകളിലും നിന്ന് സ്ഥിതിവിവരക്കണക്ക് ശേഖരിക്കുകയും ഇനം തിരിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതുവഴി സമുചിത സർക്കാർ പ്രത്യേകിച്ചും വലിയ അളവുകളിൽ അല്ലെങ്കിൽ സംഖ്യകളിൽ അല്ലെങ്കിൽ അവയ്ക്കായി ലഭ്യമാക്കുന്ന സ്ഥിതിവിവരക്കണക്ക് എന്നർത്ഥമാകുന്നു;

(ഝ) ''സ്ഥിതിവിവരക്കണക്ക് ഓഫീസർ'' എന്നാൽ ഈ ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഏതൊരു നിർദ്ദേശത്തിന്റെയും ആവശ്യങ്ങൾക്കായി 4-ാം വകുപ്പ് പ്രകാരം നിയമിച്ച ഏതൊരു ഓഫീസറും എന്നർത്ഥമാകുന്നു.

1. 2017-ലെ 21-ാം ആക്റ്റ്, 3-ാം വകുപ്പ് പ്രകാരം ചേർത്തത് (3-10-2017 മുതൽ പ്രാബല്യം).

## അദ്ധ്യായം II

## സ്ഥിതിവിവരക്കണക്ക് ശേഖരിക്കൽ

*സ്ഥിതിവിവര കണക്ക് ശേഖരിക്കൽ.*

3. സമുചിത സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, സ്ഥിതി വിവരക്കണക്കുപരമായ ഒരു സർവ്വേയിലൂടെയോ മറ്റു വിധത്തിലോ സാമ്പത്തികവും ജനസംഖ്യയും സാമൂഹികവും ശാസ്ത്രീയവും പരിസ്ഥിതിയും പരമായ സ്ഥിതിവിവരക്കണക്ക് ശേഖരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കാവുന്നതും അതിൻമേൽ ആ സ്ഥിതിവിവരക്കണക്കുകളെ സംബന്ധിച്ചിടത്തോളം ഈ ആക്റ്റിലെ വ്യവസ്ഥകൾ ബാധകമാകുന്നതുമാണ്:

എന്നാൽ,—

(ക) ഈ വകുപ്പിലടങ്ങിയിട്ടുള്ള യാതൊന്നും ഭരണഘടനയുടെ ഏഴാം പട്ടികയിലെ ലിസ്റ്റ്-I (യൂണിയൻ ലിസ്റ്റ്)-ൽ വിനിർദ്ദേശിച്ചിട്ടുള്ള ഉൾക്കുറിപ്പുകളിൽ ഏതിലെങ്കിലും പെടുന്ന ഏതൊരു സംഗതിയേയും സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്ക് ശേഖരിക്കലുമായി ബന്ധപ്പെട്ട് ഏതെങ്കിലും നിർദ്ദേശം നൽകുവാൻ ഒരു സംസ്ഥാന സർക്കാരിനെയോ യൂണിയൻ പ്രദേശ ഭരണത്തിനെയോ ഏതെങ്കിലും തദ്ദേശഭരണ ത്തിനെയോ അധികാരപ്പെടുത്തുന്നുവെന്ന് കരുതപ്പെടുവാൻ പാടില്ലാത്തതാകുന്നു; അല്ലെങ്കിൽ,—

(ഖ) കേന്ദ്ര സർക്കാർ ഏതെങ്കിലും സംഗതിയെ സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്ക് ശേഖരിക്കലിനുവേണ്ടി ഈ വകുപ്പുപ്രകാരം ഏതെങ്കിലും നിർദ്ദേശം നൽകിയിട്ടുള്ളിടത്ത്, യാതൊരു സംസ്ഥാന സർക്കാരോ യൂണിയൻ പ്രദേശ ഭരണമോ ഏതെങ്കിലും തദ്ദേശ ഭരണമോ കേന്ദ്ര സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടു കൂടിയല്ലാതെ, അങ്ങനെയുള്ള സ്ഥിതിവിവരക്കണക്ക് ശേഖരിക്കൽ കേന്ദ്ര സർക്കാരിനാലുള്ള പൂർത്തിയാക്കൽ ബാക്കി നിൽക്കുന്നിടത്തോളം, സമാനമായ യാതൊരു നിർദ്ദേശവും നൽകാൻ പാടില്ലാത്തതാകുന്നു ; അല്ലെങ്കിൽ

(ഗ) ഒരു സംസ്ഥാന സർക്കാരോ യൂണിയൻ പ്രദേശ ഭരണമോ ഏതെങ്കിലും തദ്ദേശഭരണമോ ഏതെങ്കിലും സംഗതിയെ സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്ക് ശേഖരിക്കലിനുവേണ്ടി ഈ വകുപ്പുപ്രകാരം ഒരു നിർദ്ദേശം നൽകിയിട്ടുള്ളിടത്ത്, കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാരിനാലുള്ള അങ്ങനെയുള്ള സ്ഥിതിവിവരക്കണക്ക് ശേഖരിക്കൽ പൂർത്തീകരിക്കാൻ ബാക്കി നിൽക്കുന്നിടത്തോളം ഏതൊരു സമാന നിർദ്ദേശവും, രണ്ടോ അതിലധികമോ സംസ്ഥാനങ്ങളെയോ അങ്ങനെയുള്ള യൂണിയൻ പ്രദേശങ്ങളെയോ പരാമർശിക്കുന്ന അങ്ങനെയുള്ള സ്ഥിതിവിവരക്കണക്ക് ശേഖരിക്കേണ്ടതായുള്ള സംഗതികളിലൊഴികെ, നൽകുവാൻ പാടില്ലാത്തതാകുന്നു.

*നോഡൽ ഓഫീസർ.*

[1][3ക. (1) കേന്ദ്ര സർക്കാരോ ഒരു സംസ്ഥാന സർക്കാരോ അല്ലെങ്കിൽ യൂണിയൻ പ്രദേശ ഭരണമോ ഈ ആക്റ്റ് പ്രകാരമുള്ള സ്ഥിതി വിവരക്കണക്കുകളുടെ ആവശ്യങ്ങൾക്ക് വേണ്ടി അതിന്റെ ഉദ്യോഗസ്ഥരിൽ ഒരാളെ നോഡൽ ഓഫീസറായി നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

(2) നോഡൽ ഓഫീസർ, അയാൾ നാമനിർദ്ദേശം ചെയ്യപ്പെടുന്ന കേന്ദ്ര സർക്കാരിലെയോ സംസ്ഥാന സർക്കാരിലെയോ അല്ലെങ്കിൽ യൂണിയൻ പ്രദേശ ഭരണത്തിലെയോ, അതതുസംഗതിപോലെ, അങ്ങനെയുള്ള സ്ഥിതിവിവരക്കണക്കുപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള മറ്റു അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള മറ്റു കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതുമാണ്.]

---

1. 2017-ലെ 21-ാം ആക്റ്റ്, 4-ാം വകുപ്പ് പ്രകാരം ചേർത്തത് (3-10-2017 മുതൽ പ്രാബല്യം).

*സ്ഥിതിവിവരക്കണക്ക് ഓഫീസർ മുതലായവരെ നിയമിക്കുവാനുള്ള സമുചിത സർക്കാരിന്റെ അധികാരങ്ങൾ.*

4. (1) സമുചിത സർക്കാരിന്, അത് നിർദ്ദേശിക്കുന്ന ഏതെങ്കിലും സ്ഥിതി വിവരക്കണക്ക് ശേഖരിക്കുന്നതിനുള്ള ആവശ്യത്തിനായി ഒരു ഓഫീസറെ ഏതെങ്കിലും ഭൂമിശാസ്ത്രപരമായ യൂണിറ്റിനുവേണ്ടിയുള്ള സ്ഥിതി വിവരക്കണക്ക് ഓഫീസറായി നിയമിക്കുകയോ നിയമിക്കുവാൻ ഇടവരുത്തുകയോ ചെയ്യാവുന്നതാണ്.

(2) സമുചിത സർക്കാരിന്, ഏതെങ്കിലും വിനിർദ്ദിഷ്ട ഭൂമിശാസ്ത്ര പരമായ യൂണിറ്റിനുള്ളിൽ സ്ഥിതിവിവരക്കണക്ക് ശേഖരിക്കൽ ഏറ്റെടുക്കുന്നതിനോ സഹായിക്കുന്നതിനോ മേൽനോട്ടം വഹിക്കുന്നതിനോ ഏതെങ്കിലും ഏജൻസിയെയോ അങ്ങനെയുള്ള ഏജൻസികളിൽ ജോലി ചെയ്യുന്ന ആളുകളെയോ നിയമിക്കാവുന്നതും അങ്ങനെയുള്ള ഏജൻസികളോ ആളുകളോ അങ്ങനെ നിയമിക്കപ്പെടുമ്പോൾ അതിനനുസരിച്ച് സേവിക്കുവാൻ ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്.

(3) സമുചിത സർക്കാരിന്, അത് നിർദ്ദേശിക്കുന്ന സ്ഥിതിവിവര കണക്ക് ശേഖരിക്കുന്നതിനുള്ള ആവശ്യത്തിനായി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിന്മേലും ഉപാധികളിന്മേലും അങ്ങനെയുള്ള രക്ഷാ വ്യവസ്ഥകളിന്മേലും ഏതെങ്കിലും ഏജൻസിയെയോ കമ്പനിയെയോ സംഘടന യെയോ സമാജത്തെയോ ആളെയോ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കാവു ന്നതാണ്.

(4) സമുചിത സർക്കാരിന്, 2-ഉം 3-ഉം ഉപവകുപ്പുകൾ അതിനു നൽകിയിട്ടുള്ള, ഏജൻസികളെയോ അങ്ങനെയുള്ള ഏജൻസികളിൽ ജോലി ചെയ്യുന്ന ആളുകളെയോ നിയമിക്കുന്നതിനോ ഏതെങ്കിലും ഏജൻസിയെയോ കമ്പനിയെയോ സംഘടനയെയോ ആളുകളുടെ സമാജത്തെയോ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കുന്നതിനോ ഉള്ള അധികാരം, അത് ഉചിതമെന്ന് കരുതുന്ന ഏതെങ്കിലും സ്ഥിതിവിവരക്കണക്ക് ഓഫീസർക്ക്, അങ്ങനെയുള്ള സ്ഥിതിവിവരക്കണക്ക് ഓഫീസർ നിയമിക്കപ്പെടുന്ന ഭൂമിശാസ്ത്രപരമായ യൂണിറ്റിനുള്ളിൽ, ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

(5) സമുചിത സർക്കാരിന്, ഉത്തരവ് വഴി, ഇൻഫോർമെന്റുമാർ നൽകേണ്ട സ്ഥിതിവിവരക്കണക്കുപരമായ വിവരത്തിന്റെ രൂപം, വേണ്ടുന്ന വിവരണങ്ങൾ അല്ലെങ്കിൽ ഏതൊക്കെ ഇടവേളകളിലെന്നും, ഏത് സ്ഥിതി വിവരക്കണക്ക് ഓഫീസർക്കെന്നും വിനിർദ്ദേശിക്കാവുന്നതാണ്.

(6) സമുചിത സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവ് വഴി, 3-ാം വകുപ്പുപ്രകാരം അത് നൽകിയ ഒരു നിർദ്ദേശ പ്രകാരം സ്ഥിതിവിവരക്കണക്ക് ശേഖരിക്കലിന്റെ ആവശ്യത്തിനായി (5)-ാം ഉപവകുപ്പ് പ്രകാരം നൽകിയിട്ടുള്ള ഏതൊരു അധികാരവും, അത് ഉചിതമെന്ന് കരുതുന്ന ഏതൊരു സ്ഥിതിവിവരക്കണക്ക് ഓഫീസർക്കും ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്.

*വിവരം ആവശ്യപ്പെടാനുള്ള സ്ഥിതി വിവരക്കണക്ക് ഓഫീസറുടെ അധികാരം.*

5. സ്ഥിതിവിവരക്കണക്ക് ഓഫീസർക്ക്, പ്രസ്തുത ഓഫീസർ നിയമിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ഭൂമിശാസ്ത്രപരമായ യൂണിറ്റിലെ ഏതെങ്കിലും വിനിർദ്ദിഷ്ട വിഷയത്തിന്മേലുള്ള സ്ഥിതിവിവരക്കണക്ക് ശേഖരിക്കലിന്റെ ആവശ്യത്തിനായി—

(ക) ഏതൊരു ഇൻഫോർമെന്റിനും 4-ാം വകുപ്പിന്റെ (5)-ാം ഉപവകുപ്പ് പ്രകാരം വിനിർദ്ദേശിച്ചിട്ടുള്ള വിവരം നൽകുവാൻ അയാളോട് ആവശ്യപ്പെട്ടുകൊണ്ടുള്ള ലിഖിതമായ ഒരു നോട്ടീസ് നടത്തുകയോ നടത്തുവാൻ ഇടവരുത്തുകയോ ഒരു വിവരപ്പട്ടിക അതു പൂരിപ്പിക്കുന്ന ആവശ്യത്തിനായി ഏതൊരു ഇൻഫോർമെന്റിനും നൽകുവാൻ ഇടവരുത്തുകയോ ; അല്ലെങ്കിൽ

(ഖ) ആ വിഷയത്തെ സംബന്ധിക്കുന്ന എല്ലാ ചോദ്യങ്ങളും ഏതൊരു ഇൻഫോർമെന്റിൽനിന്നും ചോദിക്കുവാൻ ഇടവരുത്തുകയോ ; അല്ലെങ്കിൽ

(ഗ) ടെലി-ഫാക്സോ ടെലിഫോണോ ഇ-മെയിലോ വഴിയുള്ളതോ മറ്റേതെങ്കിലും ഇലക്ട്രോണിക് സമ്പ്രദായത്തിലുള്ളതോ അങ്ങനെ വിനിർദ്ദേശിക്കപ്പെട്ട വ്യത്യസ്ത കൂട്ടത്തിൽപ്പെട്ട വിവരത്തിനു വേണ്ടിയുള്ള വ്യത്യസ്ത സമ്പ്രദായങ്ങളുടെ കൂട്ടായ്മയിലുള്ളതോ ആയ വിവരം ആരായുകയോ,

ചെയ്യാവുന്നതാണ്.

*ഇൻഫോർമെന്റുമാരുടെ കർത്തവ്യം.*

6. ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഏതെങ്കിലും വിവരം നൽകുവാൻ ആവശ്യപ്പെടുന്ന ഇൻഫോർമെന്റുമാർ അങ്ങനെ ആവശ്യപ്പെട്ട വിവരം നിർണ്ണയിക്കപ്പെട്ട രീതിയിൽ ഉത്തമ അറിവിലോ വിശ്വാസത്തിലോ നൽകുവാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതും ഒരു പ്രത്യേക വിഭാഗം അല്ലെങ്കിൽ കൂട്ടം ആളുകളുടെയോ യൂണിറ്റുകളുടെയോ ഒരു ഭാഗം മാത്രം വിവരം നൽകുവാൻ ആവശ്യപ്പെടുന്നത് ഏതെങ്കിലും സാംപ്ലിങ്ങ് നടപടിയുടെ കാരണത്താലായ സംഗതികളിൽ, അത് ആ വിവരം നൽകുവാൻ ഏതെങ്കിലും ഇൻഫോർമെന്റിന്റെ ഭാഗത്തുള്ള വീഴ്ചയിൽ അങ്ങനെ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ, ഒരു പ്രതിവാദം ആയിരിക്കുന്നതല്ല.

*എല്ലാ ഏജൻസികളും സഹായിക്കണമെന്ന്.*

7. ഓരോ ഏജൻസിയും സ്ഥിതിവിവരക്കണക്ക് ഓഫീസർക്കോ രേഖാമൂലം അയാൾ അധികാരപ്പെടുത്തിയ ഒരു ആൾക്കോ ഒരു ഏജൻസിക്കോ അയാളുടെ ചുമതലകളുടെ നിർവ്വഹണത്തിനായി അയാൾ ആവശ്യപ്പെടാവുന്ന അങ്ങനെയുള്ള പിന്തുണയും സഹായവും നൽകേണ്ടതും അങ്ങനെയുള്ള വിവരം നൽകേണ്ടതും ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള റിക്കാർഡുകളും പ്ലാനുകളും മറ്റു രേഖകളും ഇൻസ്പെക്ഷനും പരിശോധനയ്ക്കും ലഭ്യമാക്കേണ്ടതുമാണ്.

*റിക്കാർഡുകളിലേക്കോ രേഖകളിലേക്കോ പ്രാപ്യതയ്ക്കുള്ള അവകാശം.*

8. സ്ഥിതിവിവരക്കണക്ക് ഓഫീസർക്കോ ഇതിലേക്കായി അയാൾ രേഖാമൂലം അധികാരപ്പെടുത്തിയ ഏതെങ്കിലും ആൾക്കോ ഈ ആക്റ്റ് പ്രകാരം ഏതെങ്കിലും സ്ഥിതിവിവരക്കണക്ക് ശേഖരിക്കലിന്റെ ആവശ്യങ്ങൾക്കായി ഈ ആക്റ്റ് പ്രകാരം ഏതെങ്കിലും വിവരം നൽകുവാൻ ആജ്ഞാപിക്കപ്പെട്ടിട്ടുള്ള ഏതൊരു ഇൻഫോർമെന്റിന്റെയും കൈവശമുള്ള പ്രസക്തമായ ഏതൊരു റിക്കാർഡിലേക്കോ രേഖയിലേക്കോ പ്രാപ്യതയുണ്ടായിരിക്കുന്നതും അങ്ങനെയുള്ള റിക്കാർഡോ രേഖയോ സൂക്ഷിക്കപ്പെടുന്നതായി അയാൾ വിശ്വസിക്കുന്ന ഏതൊരു പരിസരത്തും ന്യായമായ ഏത് സമയത്തും പ്രവേശിക്കാവുന്നതും പ്രസക്തമായ റിക്കാർഡുകളോ രേഖകളോ പരിശോധിക്കാവുന്നതോ പകർപ്പുകൾ എടുക്കാവുന്നതോ ഈ ആക്റ്റ് പ്രകാരം നൽകുവാൻ ആജ്ഞാപിക്കപ്പെട്ട ഏതെങ്കിലും വിവരം ലഭ്യമാക്കുന്നതിന് ആവശ്യമായ ഏതൊരു ചോദ്യവും ചോദിക്കാവുന്നതോ ആണ്.

അദ്ധ്യായം III

## ചില സംഗതികളിൽ വിവരങ്ങൾ വെളിപ്പെടുത്തലും അവയുടെ ഉപയോഗ നിയന്ത്രണങ്ങളും

*വിവരത്തിന്റെ സുരക്ഷിതത്വം.*

9. [1][(1) സ്ഥിതിവിവരക്കണക്ക് ഓഫീസറോ ഈ ആക്റ്റ് പ്രകാരം അധികാരപ്പെടുത്തുന്ന ഏതെങ്കിലും ആളോ ഏജൻസികളോ, സ്ഥിതിവിവരക്കണക്ക് ആവശ്യങ്ങൾക്കുവേണ്ടി, 6-ാം വകുപ്പ് പ്രകാരം നൽകപ്പെടുന്ന ഏതെങ്കിലും വിവരം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള രീതിയിൽ ഉപയോഗിക്കേണ്ടതാണ്.]

1. 2017-ലെ 21-ാം ആക്റ്റ്, 5-ാം വകുപ്പ് പ്രകാരം (1)-ാം ഉപവകുപ്പിന് പകരം ചേർത്തത് (3-10-2017 മുതൽ പ്രാബല്യം).

(2) ഈ ആക്റ്റുപ്രകാരം സ്ഥിതിവിവരക്കണക്ക് ശേഖരിക്കൽ അല്ലെങ്കിൽ അങ്ങനെയുള്ള ശേഖരിക്കലിന്റെ ഫലമായി സ്ഥിതിവിവരക്കണക്ക് തയ്യാറാക്കൽ ജോലിയിൽ ഏർപ്പെട്ടിട്ടുള്ള ഒരാൾ അല്ലാതെ യാതൊരാളും ഏതെങ്കിലും വിവരപ്പട്ടികയോ ചോദിച്ച ഒരു ചോദ്യത്തിന്റെ ഏതെങ്കിലും ഉത്തരമോ ഈ ആക്റ്റ് പ്രകാരമുള്ള ഒരു പ്രോസിക്യൂഷന്റെ ആവശ്യങ്ങൾക്കൊഴികെ, കാണുന്നതിന് അനുവദിക്കുവാൻ പാടില്ലാത്തതാണ്.

(3) ഏതെങ്കിലും വിവരപ്പട്ടികയിൽ അടങ്ങിയിട്ടുള്ള യാതൊരു വിവരവും ചോദിച്ച ഏതെങ്കിലും ചോദ്യത്തിനുള്ള യാതൊരു ഉത്തരവും ഈ ആക്റ്റ് പ്രകാരമുള്ള ഒരു പ്രോസിക്യൂഷന്റെ ആവശ്യങ്ങൾക്കൊഴികെ, ഏതൊരു ഏജൻസിക്കും, ഇൻഫോർമെന്റുമാരുടെ അനന്യത മറച്ചുവയ്ക്കാതെ പ്രത്യേകമായി പ്രസിദ്ധപ്പെടുത്തുവാനോ വെളിപ്പെടുത്തുവാനോ പാടില്ലാത്തതാണ്.

(4) ഏതെങ്കിലും ഏജൻസി പ്രസിദ്ധപ്പെടുത്തിയ എല്ലാ സ്ഥിതിവിവരക്കണക്കുപരമായ വിവരവും, അത് നൽകിയ ഇൻഫോർമെന്റിനെ സംബന്ധിക്കുന്ന വിശദാംശങ്ങൾ ആണെന്ന് ഏതെങ്കിലും വിശദാംശങ്ങൾ (ആ വിശദാംശങ്ങൾ നൽകിയ ഇൻഫോർമെന്റ് അല്ലാത്ത) ഏതെങ്കിലും ആളാൽ തിരിച്ചറിയപ്പെടാവുന്നതായിത്തീരുന്നതിനെ തടയുന്ന അങ്ങനെയുള്ള ഒരു രീതിയിൽ, ഒഴിവാക്കൽ പ്രക്രിയയിൽ കൂടിയായാലും—

(ക) ആ രീതിയിൽ അവയുടെ പ്രസിദ്ധപ്പെടുത്തലിനു ഇൻഫോർമെന്റ് സമ്മതം നൽകിയിട്ടില്ലാത്തപക്ഷം ; അല്ലെങ്കിൽ

(ഖ) ആ രീതിയിൽ ഉള്ള അവയുടെ പ്രസിദ്ധപ്പെടുത്തൽ ബന്ധപ്പെട്ട ഏജൻസിക്കോ അതിന്റെ ഏതെങ്കിലും ജീവനക്കാരനോ ന്യായമായി മുൻകൂട്ടി കാണാൻ കഴിഞ്ഞിരിക്കാത്തപക്ഷം,

വിന്യസിക്കേണ്ടതാണ്.

(5) (4)-ാം ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി, കേന്ദ്ര സർക്കാർ, അതിന് ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതോ അങ്ങനെയുള്ള വിന്യാസം ചെയ്യാവുന്നതോ ആണ്.

*ചില വിവരങ്ങൾ വെളിപ്പെടുത്തുവാൻ സമുചിത സർക്കാരിനെ അധികാരപ്പെടുത്തിയിട്ടുണ്ടെന്ന്.*

10. ഈ ആക്റ്റിലെ 9-ാം വകുപ്പിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ എന്തുതന്നെയായിരുന്നാലും, സമുചിത സർക്കാരിന് താഴെപ്പറയുന്ന വിവരങ്ങൾ വെളിപ്പെടുത്താവുന്നതാണ്, അതായത്:—

(ക) ഇൻഫോർമെന്റ് നൽകിയതും അതിനെ സംബന്ധിച്ച വെളിപ്പെടുത്തലിനു ഇൻഫോർമെന്റോ പ്രസ്തുത ഇൻഫോർമെന്റ് അധികാരപ്പെടുത്തിയ ഏതെങ്കിലും ആളോ ലിഖിതമായി സമ്മതം നൽകുന്ന വിവരം;

(ഖ) ഏതെങ്കിലും ആക്റ്റ് പ്രകാരമോ ഒരു പൊതുരേഖയായോ മറ്റ് വിധത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന വിവരം;

(ഗ) ഇൻഫോർമെന്റുമാരുടെ തരംതിരിക്കൽ ഏതെങ്കിലും അവർക്ക് കൊടുത്തിട്ടുണ്ടെങ്കിൽ, അതുസഹിതം പേരുകളുടെയും മേൽവിലാസങ്ങളുടെയും ഏർപ്പെട്ടിട്ടുള്ള ആളുകളുടെ എണ്ണത്തിന്റെയും സൂചികയുടെ അല്ലെങ്കിൽ ലിസ്റ്റിന്റെ രൂപത്തിലുള്ള വിവരം.

*ഉത്തമവിശ്വാസപൂർവ്വമായ ഗവേഷണത്തിനോ സ്ഥിതിവിവരക്കണക്കുപരമായ ആവശ്യങ്ങൾക്കോ വേണ്ടി വിവരപ്പട്ടികകൾ വെളിപ്പെടുത്തൽ.*

11. (1) ഈ ആക്റ്റിലെ 9-ാം വകുപ്പിലെ വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സമുചിത സർക്കാരിന് വ്യക്തിഗതവിവര പത്രികകളോ, ഫോർമാറ്റുകളോ വിവരപ്പട്ടികകളോ മറ്റ് ഏജൻസിക്കോ ആൾക്കോ സ്ഥാപനങ്ങൾക്കോ സർവ്വകലാശാലകൾക്കോ അവയുടെ ചുമതലകളും കർത്തവ്യങ്ങളും അനുസരിച്ചുള്ള ഉത്തമവിശ്വാസപൂർവ്വമായ ഗവേഷണത്തിനോ സ്ഥിതിവിവരക്കണക്കുപരമായ ആവശ്യങ്ങൾക്കോവേണ്ടി മാത്രം, വെളിപ്പെടുത്താവുന്നതാണ്.

(2) യാതൊരു വ്യക്തിഗത റിട്ടേണോ വിവരപ്പട്ടികയോ,—

(ക) പട്ടികയോ ബന്ധപ്പെട്ട വിവരമോ നൽകിയ ഇൻഫോർമെന്റിന്റെ പേരും മേൽവിലാസവും ഒഴിവാക്കുകയും ;

(ഖ) ഗവേഷണത്തിലോ സ്ഥിതിവിവരക്കണക്കുപരമായ പദ്ധതിയിലോ ഉൾപ്പെട്ടിട്ടുള്ള ഓരോ ഏജൻസിയോ ആളോ സ്ഥാപനങ്ങളോ സർവ്വകലാശാലകളോ അവയ്ക്ക് വെളിപ്പെടുത്തിയിട്ടുള്ള പട്ടികകൾ ഉത്തമവിശ്വാസപൂർവ്വമായ ഗവേഷണത്തിന് അല്ലെങ്കിൽ സ്ഥിതിവിവരക്കണക്കുപരമായ ആവശ്യങ്ങൾക്കുവേണ്ടി മാത്രം ഉപയോഗിക്കുമെന്ന ഒരു പ്രഖ്യാപനം ചെയ്യുകയും;

(ഗ) അങ്ങനെ വെളിപ്പെടുത്തൽ ചെയ്യുന്ന സമുചിത സർക്കാർ, പട്ടികകളുടെയും അതിലടങ്ങിയിട്ടുള്ള ഏതൊരു വിവരത്തിന്റെയും സുരക്ഷിതത്വത്തിനു കോട്ടം തട്ടുകയില്ലെന്നു ബോദ്ധ്യപ്പെടുകയും,

ചെയ്യാത്തപക്ഷം ഈ വകുപ്പ് അനുസരിച്ച് വെളിപ്പെടുത്തുവാൻ പാടില്ലാത്തതാണ്.

(3) ഏതെങ്കിലും ഗവേഷണത്തിന്റെയോ സ്ഥിതിവിവരക്കണക്കുപരമായ പദ്ധതിയുടെയോ പ്രസിദ്ധപ്പെടുത്തിയ ഫലങ്ങൾ, സ്ഥിതിവിവരക്കണക്ക് ശേഖരിക്കലിനുവേണ്ടി അധികാരപ്പെടുത്തപ്പെട്ട ഏജൻസി ഈ ആക്റ്റ് പ്രകാരം പ്രസിദ്ധപ്പെടുത്താൻ കഴിയുന്ന വിവരത്തിൽ കൂടുതലായൊന്നും വെളിപ്പെടുത്തുവാൻ പാടില്ലാത്തതാണ്.

(4) ഈ വകുപ്പുപ്രകാരം ഏതെങ്കിലും വ്യക്തിഗത വിവരപത്രികയോ വിവരപ്പട്ടികയോ വെളിപ്പെടുത്തപ്പെടുന്ന ഓരോ ഏജൻസിയോ ആളോ സ്ഥാപനങ്ങളോ സർവ്വകലാശാലകളോ പട്ടികകളെയും അതിലടങ്ങിയിട്ടുള്ള ഏതെങ്കിലും വിവരത്തെയും സംബന്ധിച്ച് വെളിപ്പെടുത്തൽ നടത്തുന്ന, സ്ഥിതിവിവരക്കണക്ക് ശേഖരിക്കലിനുവേണ്ടി അധികാരപ്പെടുത്തപ്പെട്ട ഏജൻസി നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

*ചരിത്രപരമായ രേഖകൾ വെളിപ്പെടുത്തൽ.*

12. ഈ ആക്റ്റിലെ 9-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സമുചിത സർക്കാരിന്, അതിന്റെ അഭിപ്രായത്തിൽ ചരിത്ര പ്രാധാന്യം നേടിയിട്ടുള്ള വിവരപ്പട്ടികകളെ സംബന്ധിക്കുന്ന അങ്ങനെയുള്ള രേഖകൾ പുറത്തുവിടാവുന്നതാണ്.

*റിക്കാർഡ് ചെയ്ത വിവരത്തിന്റെ സുരക്ഷ.*

13. സ്ഥിതിവിവരക്കണക്ക് ഓഫീസറോ സ്ഥിതിവിവരക്കണക്ക് ശേഖരിക്കലിനായി അധികാരപ്പെടുത്തപ്പെട്ട ഏതെങ്കിലും ആളോ ഏജൻസിയോ വിശദാംശങ്ങൾ പ്രോസസ്സ് ചെയ്യുന്നതിനോ സൂക്ഷിച്ചുവയ്ക്കുന്നതിനോ പുനരുൽപ്പാദിപ്പിക്കുന്നതിനോ വേണ്ടി എൻകോഡഡോ വ്യക്തമായ ഭാഷാ ചിഹ്നങ്ങളോ ഉപയോഗിച്ചുകൊണ്ടാണെങ്കിലും കാർഡുകൾ, ടേപ്പുകൾ, ഡിസ്ക്കുകൾ, ഫിലിം അല്ലെങ്കിൽ മറ്റ് ഏതെങ്കിലും രീതിയിലുള്ള മാർഗ്ഗങ്ങൾ മുഖേന ഈ ആക്റ്റ് അനുസരിച്ച് വ്യക്തിഗതവിവര പത്രികകൾ, വിവരപ്പട്ടികകൾ, വർക്ക് ഷീറ്റുകൾ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും രഹസ്യസ്രോതസ്സിൽ നിന്നും ശേഖരിച്ച ഏതൊരു സ്ഥിതിവിവരക്കണക്ക് വിവരവും പകർത്തുമ്പോഴോ റിക്കാർഡ് ചെയ്യുമ്പോഴോ, ഈ ആക്റ്റിലെ സുരക്ഷാവ്യവസ്ഥകൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുവാൻ ആവശ്യമായ അങ്ങനെയുള്ള നടപടികൾ എടുക്കുകയും എടുക്കുവാൻ ഇടവരുത്തുകയും ചെയ്യേണ്ടതാണ്.

*വിവരത്തിന്റെ ഉപയോഗത്തിൻമേലുള്ള നിയന്ത്രണങ്ങൾ.*

14. ഈ ആക്റ്റ് പ്രകാരം മറ്റുവിധത്തിൽ വ്യവസ്ഥചെയ്യുന്ന പ്രകാരമൊഴികെ,—

(ക) ഈ ആക്റ്റ് അനുസരിച്ച് ലഭിച്ച യാതൊരു വിവരവും ഏതെങ്കിലും ഇൻഫോർമെന്റിന്റെ കൈവശമുള്ള വിവരത്തിന്റെ യാതൊരു പകർപ്പും എന്തുതന്നെയായാലും ഏതൊരു നടപടികളിലും തെളിവായി വെളിപ്പെടുത്തുവാനോ ഉപയോഗിക്കുവാനോ പാടില്ലാത്തതും;

(ഖ) ഏതെങ്കിലും സ്ഥിതിവിവരക്കണക്ക് ശേഖരിക്കലിൽ ഉള്ള തന്റെ ഔദ്യോഗികസ്ഥാനം കാരണം ഏതെങ്കിലും വിവരത്തിന് പ്രാപ്യതയുള്ള യാതൊരാളെയും ഈ ആക്റ്റിൻകീഴിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിലൊഴികെ എന്തുതന്നെയായലും ഏതൊരു നടപടിയിലും വിവരം സംബന്ധിക്കുന്ന വാക്കാൽതെളിവ് നൽകുവാനോ ഈ ആക്റ്റ് നടപ്പിലാക്കുന്നതിനിടയിൽ ലഭിച്ച ഏതെങ്കിലും വിവരം സംബന്ധിച്ച ഏതെങ്കിലും പട്ടികയോ രേഖയോ റിക്കാർഡോ ഹാജരാക്കുവാനോ, നിർബന്ധിക്കുവാൻ പാടില്ലാത്തതുമാണ്.

## അദ്ധ്യായം IV

## കുറ്റങ്ങളും ശിക്ഷകളും

*വിശദാംശങ്ങൾ നൽകുവാൻ ഉപേക്ഷ വരുത്തലിനോ വിസമ്മതിക്കലിനോ ഉള്ള പിഴശിക്ഷ.*

15. (1) ഏതെങ്കിലും അക്കൗണ്ട് ബുക്കുകളോ വൗച്ചറുകളോ രേഖകളോ മറ്റ് ബിസിനസ്സ് റിക്കാർഡുകളോ ഹാജരാക്കാൻ വീഴ്ചവരുത്തുന്ന ഏതൊരാളും അല്ലെങ്കിൽ ഏതെങ്കിലും വിവരപ്പട്ടികയിലോ തനിക്ക് നൽകിയതോ അയച്ചതോ ആയ വിവരപ്പത്രികയിലോ ആവശ്യപ്പെട്ട വിശദാംശങ്ങൾ പൂരിപ്പിക്കുവാനും നൽകുവാനും ഉപേക്ഷവരുത്തുകയോ വിസമ്മതിക്കുകയോ ചെയ്യുന്ന ഏതൊരാളും അല്ലെങ്കിൽ ഈ ആക്റ്റിലെയോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥയിൻകീഴിൽ ആവശ്യപ്പെടാവുന്നതോ അതിന്റെ ആവശ്യങ്ങൾക്കുവേണ്ടിയോ തന്നെ എഴുതി അറിയിച്ച ഏതെങ്കിലും ചോദ്യത്തിനോ അന്വേഷണത്തിനോ ഉത്തരം നൽകുവാൻ ഉപേക്ഷ വരുത്തുകയോ വിസമ്മതിക്കുകയോ ചെയ്യുന്ന ഏതൊരാളും ആയിരം രൂപവരെയാകാവുന്ന പിഴശിക്ഷയോ ഒരു കമ്പനിയുടെ സംഗതിയിൽ അയ്യായിരം രൂപവരെയാകാവുന്ന പിഴശിക്ഷയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

(2) ഒരു കുറ്റത്തിന് ഒരു ആളിന്റെയോ കമ്പനിയുടെയോ കുറ്റസ്ഥാപനം (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ബാദ്ധ്യതകളിൽ നിന്നും അയാളെയോ അതിനെയോ ഒഴിവാക്കുന്നതല്ലാത്തതും കുറ്റസ്ഥാപനത്തീയതി മുതൽ 14 ദിവസം അവസാനിച്ചശേഷം ആവശ്യപ്പെട്ട വിശദാംശങ്ങൾ നൽകുവാൻ അയാളോ അതോ ഇനിയും വീഴ്ചവരുത്തുകയോ വിശദാംശങ്ങൾ പൂരിപ്പിക്കുവാനും നൽകുവാനും അല്ലെങ്കിൽ ചോദ്യത്തിനോ അന്വേഷണത്തിനോ ഉത്തരം നൽകുവാനും തുടർന്ന് ഉപേക്ഷവരുത്തുകയോ വിസമ്മതിക്കുകയോ ചെയ്യുകയാണെങ്കിൽ, അപ്പോൾ, ആദ്യത്തേതിനുശേഷം വീഴ്ച തുടരുന്ന കാലയളവിലെ ഓരോ ദിവസത്തേക്കും അയാളോ അതോ ആയിരം രൂപവരെയാകാവുന്ന ഒരു കൂടുതൽ പിഴശിക്ഷയോ, കമ്പനിയുടെ സംഗതിയിൽ അയ്യായിരം രൂപവരെയാകാവുന്ന പിഴശിക്ഷയോ നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്.

*തെറ്റായ സ്റ്റേറ്റ്മെന്റ് നൽകുന്നതിനുള്ള ശിക്ഷ.*

16. ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളോ പ്രകാരം ഉള്ള ഏതെങ്കിലും വിവരപ്പട്ടികയിലോ പൂരിപ്പിച്ചതോ നൽകിയതോ ആയ വിവര പത്രികയിലോ അയാളോട് ചോദിച്ച ഏതെങ്കിലും ചോദ്യത്തിനുള്ള ഉത്തരത്തിലോ ഏതെങ്കിലും തെറ്റായതോ തെറ്റിദ്ധരിപ്പിക്കുന്നതോ ആയ പത്രികയോ മനഃപൂർവ്വം നൽകുന്ന ഏതൊരാളും ആറ് മാസംവരെയാകാവുന്ന കാലത്തേക്ക് വെറും തടവ് ശിക്ഷയോ ആയിരം രൂപവരെയാകാവുന്ന പിഴശിക്ഷയോ ഒരു കമ്പനിയുടെ സംഗതിയിൽ അയ്യായിരം രൂപവരെയാകാവുന്ന പിഴശിക്ഷയോ, അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

17. ഈ ആക്റ്റ്പ്രകാരം ശേഖരിച്ച വിശദാംശങ്ങൾ അടങ്ങുന്നതോ അങ്ങനെയുള്ള ഏതെങ്കിലും വിശദാംശങ്ങൾ ആവശ്യപ്പെടുന്നതോ ആയ ഏതെങ്കിലും വിവരപ്പട്ടികയോ ഫാറമോ നശിപ്പിക്കുകയോ വിരൂപമാക്കുകയോ നീക്കംചെയ്യുകയോ വികൃതമാക്കുകയോ ചെയ്യുന്ന, ഏതൊരാളും ആറ് മാസം വരെയാകാവുന്ന ഒരു കാലത്തേക്ക് വെറും തടവ് ശിക്ഷയോ രണ്ടായിരം രൂപവരെയാകാവുന്ന പിഴശിക്ഷയോ ഒരു കമ്പനിയുടെ സംഗതിയിൽ പതിനായിരം രൂപവരെയാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

*വിവരപ്പട്ടിക വികൃതമാക്കലിനോ വിരൂപമാക്കലിനോ ഉള്ള ശിക്ഷ.*

18. ഈ ആക്റ്റ് നൽകിയിട്ടുള്ള ഏതെങ്കിലും അധികാരമോ കർത്തവ്യമോ വിനിയോഗിക്കുന്നതിൽ ഏതെങ്കിലും ജീവനക്കാരനെ തടയുകയോ വിലക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുന്ന ഏതൊരാളും ആറ് മാസം വരെയാകാവുന്ന ഒരു കാലത്തേക്ക് വെറും തടവ് ശിക്ഷയോ രണ്ടായിരം രൂപവരെയാകാവുന്ന പിഴശിക്ഷയോ ഒരു കമ്പനിയുടെ സംഗതിയിൽ പതിനായിരം രൂപവരെയാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

*ജീവനക്കാരെ തടസ്സപ്പെടുത്തലിനുള്ള ശിക്ഷ.*

19. (ക) ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥയ്ക്കോ ഈ ആക്റ്റ് പ്രകാരം ചുമത്തപ്പെട്ടിട്ടുള്ള ഏതെങ്കിലും ആവശ്യകതയ്ക്കോ വിരുദ്ധമായി പ്രവർത്തിക്കുകയോ അവ അനുസരിക്കാൻ വീഴ്ചവരുത്തുകയോ ചെയ്യുന്ന; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും സ്ഥിതിവിവരക്കണക്ക് ഓഫീസറെയോ ഏതെങ്കിലും ഏജൻസിയെയോ അതിന്റെ ഏതെങ്കിലും ജീവനക്കാരനെയോ മനഃപൂർവ്വം കബളിപ്പിക്കുകയോ കബളിപ്പിക്കാൻ ശ്രമിക്കുകയോ ചെയ്യുന്ന,

ഏതൊരാളും ആറ് മാസം വരെയാകാവുന്ന ഒരു കാലത്തേക്ക് വെറും തടവ് ശിക്ഷയോ രണ്ടായിരം രൂപവരെയാകാവുന്ന പിഴശിക്ഷയോ ഒരു കമ്പനിയുടെ സംഗതിയിൽ, പതിനായിരം രൂപവരെയാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

*മറ്റു കുറ്റങ്ങൾക്കുള്ള ശിക്ഷ.*

20. ഈ ആക്റ്റ്പ്രകാരം ഉള്ള ഏതെങ്കിലും കർത്തവ്യത്തിന്റെയോ ചുമതലകളുടെയോ നിർവ്വഹണത്തിൽ നിയോഗിക്കപ്പെട്ട ഏതെങ്കിലും ആൾ,—

*ജീവനക്കാർ കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കുവാൻ വീഴ്ച വരുത്തുന്നതിനുള്ള ശിക്ഷ.*

(ക) നിയമപരമായ ന്യായീകരണമില്ലാതെ തന്റെ കർത്തവ്യം നിർവ്വഹിക്കാതിരിക്കുകയോ അറിഞ്ഞുകൊണ്ട് ഏതെങ്കിലും തെറ്റായ പ്രസ്താവനയോ പത്രികയോ വിവരപ്പത്രികയോ നൽകുകയോ; അല്ലെങ്കിൽ

(ഖ) തന്റെ കർത്തവ്യങ്ങളുടെ നിർവ്വഹണം നടിക്കുകയോ ലഭ്യമാക്കാൻ അയാളെ അധികാരപ്പെടുത്താത്ത വിവരം ലഭ്യമാക്കുകയോ ലഭ്യമാക്കാൻ ആവശ്യപ്പെടുകയോ; അല്ലെങ്കിൽ

(ഗ) ഈ ആക്റ്റിന് അനുസൃതമായി ശേഖരിച്ച വിവരപ്പട്ടികകളിൽ സഞ്ചയിച്ചതോ ഉൾപ്പെടുത്തിയതോ ആയ വിവരത്തിന്റെ രഹസ്യം ലംഘിക്കപ്പെടാതെ സൂക്ഷിക്കുവാൻ പരാജയപ്പെടുകയും ഈ ആക്റ്റ് പ്രകാരം പൂരിപ്പിച്ച ഏതെങ്കിലും പട്ടികയുടെ ഉള്ളടക്കമോ ഏതെങ്കിലും ഇൻഫോർമെന്റ് നൽകിയ ഏതെങ്കിലും വിവരമോ ഈ ആക്റ്റിൻകീഴിൽ അനുവദിച്ചിട്ടുള്ള പ്രകാരമൊഴികെ വെളിപ്പെടുത്തുകയും,

ചെയ്യുകയാണെങ്കിൽ ആറ് മാസം വരെയാകുന്ന ഒരു കാലത്തേക്ക് വെറും തടവ് ശിക്ഷയോ രണ്ടായിരം രൂപവരെയാകാവുന്ന പിഴശിക്ഷയോ ഒരു കമ്പനിയുടെ സംഗതിയിൽ പതിനായിരം രൂപവരെയാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

*ജീവനക്കാരനായി ആൾമാറാട്ടത്തിനുള്ള ശിക്ഷ.*

21. ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം സ്ഥിതിവിവരക്കണക്ക് ശേഖരിക്കാൻ അധികാരപ്പെടുത്തപ്പെടാതെ വാക്കുകളോ പെരുമാറ്റമോ ഭാവമോ മുഖേന അപ്രകാരം ചെയ്യാൻ താൻ അധികാരപ്പെടുത്തപ്പെട്ടിട്ടുണ്ടെന്ന് നടിക്കുന്ന ഏതൊരാളും ആറ് മാസംവരെയാകാവുന്ന ഒരു കാലയളവിലേക്കുള്ള വെറും തടവോടുകൂടിയോ അല്ലെങ്കിൽ രണ്ടായിരം രൂപവരെയാകാവുന്ന പിഴയോടുകൂടിയോ അല്ലെങ്കിൽ ഒരു കമ്പനിയുടെ സംഗതിയിൽ പതിനായിരം രൂപവരെയാകാവുന്ന പിഴയോടുകൂടിയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

*പൊതുവായ ശിക്ഷ.*

22. ഈ വകുപ്പിലല്ലാതെ മറ്റൊരിടത്തും യാതൊരു ശിക്ഷയും നിർണ്ണയിക്കപ്പെടാത്ത, ഈ ആക്റ്റിൻ കീഴിലുള്ള ഒരു കുറ്റം ചെയ്യുന്ന ഏതൊരാളും ആറ് മാസം വരെയാകാവുന്ന ഒരു കാലത്തേക്ക് വെറും തടവ് ശിക്ഷയോ രണ്ടായിരം രൂപവരെയാകാവുന്ന പിഴശിക്ഷയോ, ഒരു കമ്പനിയുടെ സംഗതിയിൽ പതിനായിരം രൂപവരെയാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

*കമ്പനികളാലുള്ള കുറ്റങ്ങൾ.*

23. (1) ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്തിട്ടുള്ളിടത്ത്, കമ്പനിയും അതുപോലെതന്നെ കുറ്റം ചെയ്യപ്പെട്ട സമയത്ത് കമ്പനിയുടെ ബിസിനസ്സിന്റെ നടത്തിപ്പിനുവേണ്ടി കമ്പനിയുടെ ചാർജ്ജ് ഉണ്ടായിരുന്നതും അതിനോട് ഉത്തരവാദപ്പെട്ടിരുന്നതും ആയ ഓരോ ആളും, ആ കുറ്റത്തിന് അപരാധിയാണെന്ന് കരുതപ്പെടേണ്ടതും അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ ബാദ്ധ്യസ്ഥനാകുന്നതും ആകുന്നു:

എന്നാൽ ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും അങ്ങനെയുള്ള ഏതെങ്കിലും ആളെ, കുറ്റം ചെയ്യപ്പെട്ടത് തന്റെ അറിവ് കൂടാതെയാണെന്നോ അങ്ങനെയുള്ള കുറ്റം ചെയ്യപ്പെടുന്നത് തടയാൻ താൻ വേണ്ടത്ര എല്ലാ ശ്രദ്ധയും ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുന്നുവെങ്കിൽ ശിക്ഷയ്ക്ക് ബാദ്ധ്യസ്ഥനാക്കിത്തീർക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരം ഉള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്തിരിക്കുകയും ആ കുറ്റം കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ മറ്റ് ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടോ മൗനാനുവാദത്തോടോകൂടി ചെയ്തിട്ടുള്ളതാണെന്നോ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷമൂലമാണെന്ന് കൽപ്പിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കപ്പെടുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ മറ്റ് ഉദ്യോഗസ്ഥനോ കൂടി ആ കുറ്റത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും ആകുന്നു.

*വിശദീകരണം.*—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി,—

(ക) "കമ്പനി" എന്നാൽ ഏതെങ്കിലും ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും അതിൽ ഒരു ഫേം അല്ലെങ്കിൽ വ്യക്തികളുടെ മറ്റ് സമാജം ഉൾപ്പെടുന്നതും;

(ഖ) ഒരു ഫേമിനെ സംബന്ധിച്ചിടത്തോളം "ഡയറക്ടർ" എന്നാൽ ഫേമിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നതും,

ആകുന്നു.

24. യാതൊരു കോടതിയും, അതതുസംഗതിപോലെ, സ്ഥിതിവിവരക്കണക്ക് ഓഫീസറോ സമുചിത സർക്കാരോ അങ്ങനെയുള്ള സമുചിത സർക്കാർ ഇതിനുവേണ്ടി അധികാരപ്പെടുത്തിയ ഒരു ഓഫീസറോ നൽകിയ ഒരു പരാതിയിൻമേലല്ലാതെ ഈ ആക്റ്റ് പ്രകാരമുള്ള ഏതൊരു കുറ്റവും നടപടിക്ക് എടുക്കുവാൻ പാടില്ലാത്തതും ഒരു മെട്രോപോളിറ്റൻ മജിസ്ട്രേറ്റ് കോടതിയുടെയോ ഒരു ഫസ്റ്റ് ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെയോ താഴെയുള്ള യാതൊരു കോടതിയും ഈ ആക്റ്റ് പ്രകാരം ശിക്ഷിക്കപ്പെടാവുന്ന ഏതൊരു കുറ്റവും വിചാരണചെയ്യുവാൻ പാടില്ലാത്തതുമാകുന്നു. *കുറ്റങ്ങൾ നടപടിക്കെടുക്കൽ.*

25. ഏതെങ്കിലും ഇൻഫോർമെന്റ് ചെയ്ത ഒരു കുറ്റത്തിന് യാതൊരു പ്രോസിക്യൂഷനും സ്ഥിതിവിവരക്കണക്ക് ഓഫീസറാലോ അദ്ദേഹത്തിന്റെ അനുമതിയോടുകൂടിയോ അല്ലാതെ ആരംഭിക്കുവാൻ പാടില്ലാത്തതും ഇൻഫോർമെന്റ് അല്ലാത്ത ആളുകൾ ചെയ്ത് ഒരു കുറ്റത്തിനുള്ള യാതൊരു പ്രോസിക്യൂഷനും സമുചിത സർക്കാരിനാലോ അതിന്റെ സമ്മതത്തോടുകൂടിയോ അല്ലാതെ ആരംഭിക്കുവാൻ പാടില്ലാത്തതുമാകുന്നു. *കുറ്റത്തിനുള്ള പ്രോസിക്യൂഷനുള്ള അനുമതി.*

26. ക്രിമിനൽ നടപടി നിയമസംഹിത, 1973-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റ് പ്രകാരമുള്ള എല്ലാ കുറ്റങ്ങളും ഒരു ഫസ്റ്റ് ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റോ ഒരു മെട്രോപോളിറ്റൻ മജിസ്ട്രേറ്റോ സമ്മറി രീതിയിൽ വിചാരണ ചെയ്യേണ്ടതും പ്രസ്തുത നിയമസംഹിതയിലെ 262 മുതൽ 265 വരെയുള്ള (രണ്ടും ഉൾപ്പെടെ) വകുപ്പുകളിലെ വ്യവസ്ഥകൾ ആകുന്നിടത്തോളം അങ്ങനെയുള്ള വിചാരണയ്ക്ക് ബാധകമാകുന്നതുമാണ്: *കേസുകൾ സമ്മറിയായി വിചാരണ ചെയ്യുവാനുള്ള കോടതിയുടെ അധികാരം.* *1974-ലെ 2.*

എന്നാൽ ഈ വകുപ്പ് പ്രകാരം ഒരു സമ്മറി വിചാരണ നടന്നു വരവെ കേസ്സിന്റെ സ്വഭാവം ഏതെങ്കിലും കാരണത്താൽ കേസ് സമ്മറിയായി വിചാരണ ചെയ്യുന്നത് അനഭിലഷണീയമായ തരത്തിലുള്ളതാണെന്ന് മജിസ്ട്രേറ്റിന് തോന്നുമ്പോൾ മജിസ്ട്രേറ്റ് കക്ഷികളെ കേട്ടശേഷം ആ ഫലത്തിലേക്ക് ഒരു ഉത്തരവ് റിക്കാർഡ് ചെയ്യേണ്ടതും അതിനുശേഷം വിസ്തരിക്കപ്പെട്ടിരിക്കാവുന്ന ഏതെങ്കിലും സാക്ഷിയെ തിരിച്ചു വിളിക്കേണ്ടതും പ്രസ്തുത നിയമസംഹിതയിൽ വ്യവസ്ഥചെയ്തിട്ടുള്ള രീതിയിൽ കേസ് തുടർന്നു കേൾക്കുകയോ വീണ്ടും കേൾക്കുകയോ ചെയ്യേണ്ടതുമാണ്.

## അദ്ധ്യായം V

## കാതലായ സ്ഥിതിവിവരക്കണക്ക് സംബന്ധിച്ച അധികാരം

27. ഈ ആക്റ്റിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്ക് ഭംഗം വരാതെ കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ദേശീയ പ്രാധാന്യമുള്ള സ്ഥിതിവിവരക്കണക്ക് ശേഖരിക്കലിനുവേണ്ടി ഏതു വിഷയത്തേയും അതത് സമയം "കാതലായ സ്ഥിതിവിവരക്കണക്ക്" ആയി പ്രഖ്യാപിക്കാവുന്നതും അങ്ങനെ പ്രഖ്യാപിക്കപ്പെടുന്ന വിഷയത്തിന്റെ സ്ഥിതിവിവരക്കണക്ക് ശേഖരിക്കലും പ്രസാരണം ചെയ്യലും ക്രമപ്പെടുത്തുന്നതിനുവേണ്ടി അത് ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള ഏർപ്പാട് ചെയ്യാവുന്നതുമാണ്. *കാതലായ സ്ഥിതിവിവരക്കണക്ക് സംബന്ധിച്ച അധികാരം.*

## അദ്ധ്യായം VI

## പലവക

28. കേന്ദ്ര സർക്കാരിന്, ഏതെങ്കിലും സംസ്ഥാന സർക്കാരിനോ യൂണിയൻ പ്രദേശ ഭരണത്തിനോ ഏതെങ്കിലും തദ്ദേശ ഭരണത്തിനോ, അതായത് പഞ്ചായത്തുകൾക്കോ മുനിസിപ്പാലിറ്റികൾക്കോ, ഈ ആക്റ്റ്, അതതുസംഗതിപോലെ, സംസ്ഥാനത്തോ യൂണിയൻ പ്രദേശത്തോ പഞ്ചായത്തുകളിലോ മുനിസിപ്പാലിറ്റികളിലോ, നടപ്പിൽ വരുത്തുന്നതിനായി നിർദ്ദേശങ്ങൾ നൽകാവുന്നതാണ്. *നിർദ്ദേശങ്ങൾ നൽകാനുള്ള അധികാരം.*

*പബ്ലിക് സർവ്വന്റ്സ്.*

*1860-ലെ 45*

29. ഏതൊരു സ്ഥിതിവിവരക്കണക്ക് ഓഫീസറെയും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം സ്ഥിതിവിവരക്കണക്ക് ശേഖരിക്കലിനോ ഔദ്യോഗിക സ്ഥിതിവിവരക്കണക്ക് തയ്യാറാക്കലിനോ വേണ്ടി അധികാരപ്പെടുത്തപ്പെട്ട ഏതൊരു ആളേയും ഇന്ത്യൻ ശിക്ഷാ നിയമസംഹിത, 1860-ലെ 21-ാം വകുപ്പിന്റെ അർത്ഥത്തിനുള്ളിലുള്ള ഒരു പബ്ലിക് സർവ്വന്റായി കരുതപ്പെടേണ്ടതാണ്.

*അധികാരിതാ തടസ്സം.*

30. യാതൊരു സിവിൽ കോടതിക്കും ഈ ആക്റ്റിനാലോ അതിൻ കീഴിലോ തീരുമാനിക്കുവാൻ സമുചിത സർക്കാരിനെയോ സ്ഥിതിവിവരക്കണക്ക് ഓഫീസറെയോ ഏജൻസിയെയോ അധികാരപ്പെടുത്തിയിട്ടുള്ള ഏതൊരു വിഷയത്തെയും സംബന്ധിച്ച് ഏതൊരു വ്യവഹാരമോ നടപടിയോ സ്വീകരിക്കുവാൻ അധികാരിത ഇല്ലാത്തതും ഈ ആക്റ്റിനാലോ അതിൻ കീഴിലോ നൽകിയിട്ടുള്ള ഏതെങ്കിലും അധികാരത്തിനു അനുസൃതമായി എടുത്തതോ എടുക്കേണ്ടതോ ആയ ഏതൊരു നടപടിയേയും സംബന്ധിച്ച് യാതൊരു ഇൻജംങ്ഷനും ഏതൊരു കോടതിയോ മറ്റ് അധികാരസ്ഥാനമോ നൽകുവാൻ പാടില്ലാത്തതുമാകുന്നു.

*ഉത്തമവിശ്വാസത്തിൽ എടുത്ത നടപടിക്ക് സംരക്ഷണം.*

31. ഈ ആക്റ്റിനോ അതിൻകീഴിൽ പുറപ്പെടുവിച്ച ചട്ടങ്ങൾക്കോ നിർദ്ദേശങ്ങൾക്കോ അനുസൃതമായി ഉത്തമവിശ്വാസത്തിൽ ചെയ്യുന്നതോ ചെയ്യുവാൻ ഉദ്ദേശിക്കുന്നതോ ആയ എന്തിനേയും സംബന്ധിച്ച് സമുചിത സർക്കാരിനോ ഏജൻസിക്കോ ഏതെങ്കിലും സ്ഥിതിവിവരക്കണക്ക് ഓഫീസർക്കോ മറ്റു ഉദ്യോഗസ്ഥർക്കോ ജീവനക്കാർക്കോ എതിരായി യാതൊരു വ്യവഹാരമോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

*അധിപ്രഭാവം.*
*1948-ലെ 37.*

32. ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക്, കാനേഷുമാരി ആക്റ്റ്, 1948 പ്രകാരം പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ ഏതെങ്കിലും ഉണ്ടെങ്കിൽ അതനുസരിച്ച് മനുഷ്യ ജനസംഖ്യ കാനേഷുമാരി എടുക്കുന്നത് സംബന്ധിച്ചിടത്തോളം ഒഴികെ, തൽസമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിൽ ഇതിന് വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

*ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.*

33. (1) കേന്ദ്ര സർക്കാരിന്, [1][മുൻകൂട്ടി പ്രസിദ്ധപ്പെടുത്തണമെന്ന നിബന്ധനയ്ക്ക് വിധേയമായി] ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, ഈ വകുപ്പ് പ്രകാരം കേന്ദ്ര സർക്കാരിന് താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്, അതായത്:—

(ക) കേന്ദ്ര സർക്കാരിനാൽ ഉള്ള സ്ഥിതിവിവരക്കണക്ക് ഓഫീസർമാരുടെ നാമനിർദ്ദേശവും രജിസ്ട്രേഷനും ഉൾപ്പെടെ 3-ാം വകുപ്പിലെ ലക്ഷ്യങ്ങൾ നേടുന്നതിനും കഴിയുന്നത്ര ഫലപ്രദമായി ഏകോപിപ്പിക്കുന്നതിനും കൂടാതെ സ്ഥിതിവിവരക്കണക്ക് ശേഖരിക്കലിലെ അനാവശ്യമായ ഇരട്ടിപ്പ് ഒഴിവാക്കുന്നതിനും ഉള്ള തത്വങ്ങൾ;

[2][(കക) 3ക വകുപ്പ്, (2)-ാം ഉപവകുപ്പ് പ്രകാരം നോഡൽ ഓഫീസർ മുഖേനയുള്ള സ്ഥിതിവിവരക്കണക്കു പ്രവർത്തനങ്ങളുടെ ഏകോപനവും മേൽനോട്ടവും നോഡൽ ഓഫീസറുടെ അധികാരങ്ങളും കർത്തവ്യങ്ങളും;]

1. 2017-ലെ 21-ാം ആക്റ്റ്, 6-ാം വകുപ്പ് പ്രകാരം ചേർത്തത് (3-10-2017 മുതൽ പ്രാബല്യം).

2. മേൽപ്പറഞ്ഞ ആക്റ്റ്, 6-ാം വകുപ്പ് പ്രകാരം ചേർത്തത് (3-10-2017 മുതൽ പ്രാബല്യം).

(ഖ) 4-ാം വകുപ്പിലെ (3)-ാം ഉപവകുപ്പ് പ്രകാരം സ്ഥിതിവിവര കണക്ക് ശേഖരിക്കലിന്റെ ആവശ്യത്തിനായി സമുചിത സർക്കാർ ഏതെങ്കിലും ആളെയോ ഏജൻസിയെയോ കമ്പനിയെയോ സംഘടനയെയോ സമാജത്തെയോ നിയോഗിക്കുന്നതിനുള്ള നിബന്ധനകളും ഉപാധികളും സുരക്ഷാവ്യവസ്ഥകളും;

(ഗ) വിവരം നൽകുവാൻ ആവശ്യപ്പെടാവുന്നതിനുള്ള ഫാറവും രീതിയും നിർണ്ണയിക്കുന്നതിനുള്ള തത്വങ്ങൾ;

(ഘ) 8-ാം വകുപ്പ് നൽകിയിട്ടുള്ള രേഖകളിലേക്കുള്ള പ്രാപ്യതാവകാശവും പ്രവേശനാവകാശവും വിനിയോഗിക്കുന്നതിനുള്ള രീതിയും നിർണ്ണയിക്കുന്നതിനുള്ള തത്വങ്ങൾ;

[1][(ഘക) 9-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള വിവരം ഉപയോഗിക്കുന്നതിന്റെ രീതി]

(ങ) ഈ ആക്റ്റ് പ്രകാരം നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റ് ഏതെങ്കിലും കാര്യങ്ങൾ.

(3) ഈ ആക്റ്റിൻകീഴിൽ കേന്ദ്ര സർക്കാർ ഉണ്ടാക്കിയ ഓരോ ചട്ടവും, അത് ഉണ്ടാക്കിയശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ അടങ്ങുന്ന ആകെ മുപ്പത് ദിവസക്കാലയളവിലേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുമ്പ്, ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്ന പക്ഷം, അതിനുശേഷം ആ ചട്ടത്തിന്, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ, പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുൻപ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധം ആയിരിക്കേണ്ടതുമാണ്.

34. (1) സ്ഥിതിവിവരക്കണക്ക് ശേഖരിക്കൽ ആക്റ്റ്, 1953 ഇതിനാൽ റദ്ദാക്കിയിരിക്കുന്നു. *റദ്ദാക്കലും ഒഴിവാക്കലും. 1953-ലെ 32*

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ആക്റ്റ് പ്രകാരം ചെയ്ത എന്തെങ്കിലുമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റിലെ തൽസ്ഥാനത്തുള്ള വ്യവസ്ഥകൾ പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

(3) പ്രസ്തുത ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ എല്ലാ ചട്ടങ്ങളും ഈ ആക്റ്റിൻകീഴിൽ പുതിയ ചട്ടങ്ങൾ ഉണ്ടാക്കുന്നതുവരെ പ്രാബല്യത്തിൽ തുടരുന്നതും പ്രവർത്തനത്തിൽ ഇരിക്കുന്നതുമാണ്.

---

1. 2017-ലെ 21-ാം ആക്റ്റ്, 6-ാം വകുപ്പ് പ്രകാരം ചേർത്തത് (3-10-2017 മുതൽ പ്രാബല്യം).